ആകെ പതിനഞ്ച് കോടി തൊണ്ണൂറ്റൊമ്പത് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിശദാംശം താഴെകൊടുക്കുന്നു :

ബ്ലോക്കിന്റെ പേര്	ഭരണാനുമതി നൽകിയ തുക
ദേവികുളം	313.00 ലക്ഷം രൂപ
കട്ടപ്പന	116.00 ലക്ഷം
നെടുങ്കണ്ടം	610.20 ലക്ഷം
അടിമാലി	415.00 ലക്ഷം
ഇടുക്കി	115.00 ലക്ഷം
അഴുത	20.00 ലക്ഷം
ഇളംദേശം	10.00 ലക്ഷം
ആകെ	1599.20 ലക്ഷം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ

44 (3010) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം തൊഴിലാളികൾക്ക് മുൻ വർഷങ്ങളേക്കാൾ കുറച്ച മാത്രമേ തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ നിബന്ധനകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ഉം 2-ഉം, 3-1-2014-ലെ വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ കാതലായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനപരവുമായ വ്യക്തിഗത/സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പൂല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് പദ്ധതിയിൽ നിരോധിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുക കാർഷിക/കാർഷിക അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5-ൽ പ്രതിപാദിച്ചിട്ടുള്ള ദുർബ്ബല ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇന്ദിര ആവാസ് യോജന

45 (3011) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന വഴി നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങളും 2014-15 വർഷത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര ശതമാനം വീതമാണെന്ന് പറയാമോ ;

(സി) ഫണ്ട് വിഹിതം നൽകുന്നതിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ എത്രകൊണ്ടാണെന്നും എത്ര കാലത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly